പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5373 — 23.05.2017 -ൽ മറുപടിക്ക്

## ചരിത്ര സ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ്.പി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനത്തെ ചരിത്രസ്മാരകങ്ങളുടെയും, ചരിത്രശേഷിപ്പുകളുടെയും സംരക്ഷണത്തിനായി വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. ഓരോ സ്മാരകത്തിനും സ്മാരകം ആവശ്യപ്പെടുന്ന വിധത്തിലുള്ള സംരക്ഷണ പ്രവർത്തികൾ, രാസസംരക്ഷണം, ഘടനാപരമായ സംരക്ഷണം, വാർഷിക അറ്റകുറ്റപ്പണികൾ തുടങ്ങിയവ വകുപ്പ് നിർവ്വഹിച്ച് വരുന്നുണ്ട്. നിരന്തര ശ്രദ്ധ ആവശ്യമുള്ള സ്മാരകങ്ങളിൽ ദൈനംദിന മേൽനോട്ടത്തിനായി ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. ഇത് കൂടാതെ അതാത് ജില്ലകളിലെ പൈതൃകശേഷിപ്പുകളുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു |
| (ബി) | യഥാവിധി സംരക്ഷിക്കാത്തതിനാൽ മിക്ക ചരിത്ര സ്മാരകങ്ങളും നശിച്ചുപോകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേരളത്തിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ചരിത്ര സ്മാരകങ്ങളും പൈതൃക ശേഷിപ്പുകളും സംരക്ഷിക്കുന്നതിന് നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**